വ്യവസായത്തെ രക്ഷിക്കാൻ മോഡണൈസേഷനും ഡൈവേഴ്സിഫിക്കേഷനുമാണ് ആവശ്യമായിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തത്തിലും സഹകരണത്തിലും വലിയ സഹായങ്ങൾ ചെയ്യുന്ന ഈ കാലയളവിൽ അതിന് വേണ്ടിയുള്ള കേന്ദ്ര സഹായം ആവശ്യപ്പെടാൻ തയ്യാറാകുമോ ?

ശ്രീ. എം. വിജയകുമാർ : സർ, കേന്ദ്ര സർക്കാരിന്റെ കീഴിൽത്തന്നെ അഞ്ച് മില്ലുകളുണ്ട്. അതിലൊന്ന് പൂട്ടിയിരിക്കുകയാണ്. അത് തുറക്കേണ്ട കാര്യമുണ്ട്. അതിന് നാം കൂട്ടായി ശ്രമിക്കേണ്ടതാണ്. ഇതിന്റെ ഭാഗമായി വൈവിധ്യവത്ക്കരണവും ആധുനികവത്ക്കരണവും കൊണ്ടുവരിക എന്നുള്ളതാണ് സർക്കാരിന്റെ നിലപാട്.

ശ്രീ. വി. ശിവൻകുട്ടി : സർ, തിരുവനന്തപുരത്തെ ഏറ്റവും പഴക്കമുള്ള ഒരു കേന്ദ്രഗവൺമെന്റ് ടെക്സ്റ്റൈൽ സ്ഥാപനമാണ് വിജയമോഹിനി മിൽ. അതിന്റെ പുനരുദ്ധാരണ പ്രവർത്തനത്തിനുവേണ്ടി എന്തെങ്കിലും നടപടിക്രമങ്ങൾ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ സംയുക്തമായി ആരംഭിക്കുന്നതിനെ സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. എം. വിജയകുമാർ : സർ, വിജയമോഹിനി മിൽ കേരള ടെക്സ്റ്റയിൽ കോർപ്പറേഷന്റെ കീഴിൽവരുന്നതല്ല. അക്കാര്യത്തിൽ സംസ്ഥാന സർക്കാരും വ്യവസായ വകുപ്പും ചേർന്ന് പ്രത്യേകമായി ആലോചിച്ച് നടപടികൾ സ്വീകരിക്കാം. അത് കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ വരുന്നതാണ്.

ശ്രീ. എ. എ. ഷുക്കൂർ : സർ, കേരള സ്പിന്നേഴ്സ് കോമളപുരം സ്പിന്നിംഗ് മിൽ 2010 ഡിസംബറിൽ കമ്മീഷൻ ചെയ്യുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചത്. ഇവിടെ മാനേജുമെന്റും തൊഴിലാളി സംഘടനകളും ഗവൺമെന്റുമായി ഒരു കരാർ നിലവിലുണ്ട്. അത് നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, കോമളപുരം സ്പിന്നിംഗ് മിൽ ഏറ്റെടുക്കൽ സർക്കാരിന്റെ വ്യവസായ രംഗത്തെ നിശ്ചയദാർഢ്യത്തിന്റെയും ഇച്ഛാശക്തിയുടെയും പ്രതീകമാണ്. അത് മനസ്സിലാക്കണം. ഉത്തരത്തിൽ സൂചിപ്പിച്ചതുപോലെ അത് സമയബന്ധിതമായി 2010 ഡിസംബറിൽ കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടിയാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്.

**ചെക്ക്ഡാമുകൾ നിർമ്മിക്കുന്നതിന് നടപടി**

4 (*664) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. കെ. ബാബു :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നദികളിലൂടെ മഴക്കാലത്ത് ഒഴുകിയെത്തുന്ന ജലം ശേഖരിക്കുന്നതിന് ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭാരതപ്പുഴയിലും അതിന്റെ പോഷക നദികളിലുമായി എത്ര ചെക്ക് ഡാമുകൾ നിർമ്മിക്കാനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത് ;

(സി) ഇതുവരെ ഇവിടെ എത്ര ചെക്ക്ഡാമുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചു എന്നറിയിക്കാമോ ?

(ഡി) വേനൽക്കാലത്തേയ്ക്ക് ജലം സംഭരിക്കുന്നതിനും മഴക്കാലത്തെ പ്രളയജലം നിയന്ത്രിക്കുന്നതിനും സഹായകരമാകുന്ന ഇത്തരം ചെക്ക്ഡാമുകളുടെ നിർമ്മാണ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പ്രത്യേക പദ്ധതിക്ക് രൂപം നൽകുമോ ;

(ഇ) ഈ വർഷം ഇത്തരത്തിൽ എത്ര ചെക്ക് ഡാമുകളുടെ പണിപൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : സർ,

(എ) സംസ്ഥാനത്തെ നദികളിലൂടെ മഴക്കാലത്ത് ഒഴുകിയെത്തുന്ന ജലം തടഞ്ഞുനിറുത്തി ഭൂഗർഭ ജലസ്രോതസ്സ് വർദ്ധിപ്പിക്കുന്നതിനും സമീപ പ്രദേശത്തെ ജലനിരപ്പ് ഉയർത്തി കൃഷിക്കും മറ്റാവശ്യങ്ങൾക്കും ജല ലഭ്യത വർദ്ധിപ്പിക്കുന്നതിനുമായി റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചും നബാർഡ് ധനസഹായത്തോടെയും മലബാർ ഇറിഗേഷൻ പാക്കേജിൽ ഉൾപ്പെടുത്തിയും ഇടുക്കി പാക്കേജിലും സംസ്ഥാന ഫണ്ടിലും ഉൾപ്പെടുത്തിയും ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഭാരതപ്പുഴയിലും അതിന്റെ പോഷക നദികളിലുമായി ഇറിഗേഷൻ വകുപ്പ് 46 ചെക്ക് ഡാമുകളും കൂടിവെള്ള പദ്ധതികളുടെ സ്രോതസ്സുകൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വാട്ടർ അതോറിറ്റി 7 ചെക്ക് ഡാമുകളും നിർമ്മിക്കുവാനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

(സി) ഇറിഗേഷൻ വകുപ്പിന്റെ 4 ചെക്ക് ഡാമുകളുടെയും കേരള വാട്ടർ അതോറിറ്റിയുടെ മൂന്ന് ചെക്ക് ഡാമുകളുടെയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(ഡി)&(ഇ) സംസ്ഥാനത്തൊട്ടാകെ 23 ചെക്ക് ഡാമുകളുടെ പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ : സർ, മഴക്കാലത്ത് നിറഞ്ഞ് കവിഞ്ഞ് ഒഴുകുകയും എന്നാൽ വേനൽക്കാലമാകുമ്പോൾ വറ്റിവരണ്ട് നിശ്ചലമായിക്കിടക്കുന്ന സ്ഥിതിയാണ് നമ്മുടെ നദികൾക്കുള്ളത്. ഇതിന് ഒരു പരിഹാരമാണ് ചെക്ക് ഡാമുകൾ. എന്നാൽ ചെക്ക് ഡാമുകൾ അശാസ്ത്രീയമായി പണിയുന്നതുകൊണ്ട് നദികളുടെ ഇരുകരകളും ഇടിഞ്ഞ് നാശനഷ്ടമുണ്ടാകുന്നു. എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ കൈപ്പട്ടൂരിൽ അച്ചൻകോവിലാറ്റിൽ ഒരു ചെക്ക് ഡാം പണിതത് വലിയ നാശനഷ്ടങ്ങൾക്ക് ഇടവരുത്തി. ഇപ്പോൾ ഡിപ്പാർട്ട്മെന്റ് തന്നെയാണ് ഇതിന്റെ വശം കെട്ടിക്കൊടുത്തത്. ഇതിന് ഒരു പരിഹാരമുണ്ടാക്കുന്നതിന് ചെക്ക് ഡാം പണിയുന്ന സ്ഥലത്ത് ശാസ്ത്രീയമായ പഠനം നടത്തിയതിനുശേഷം മാത്രം ഇതിന് തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ : സർ, ശ്രീ. കെ. ശിവദാസൻ നായർ സൂചിപ്പിച്ചതുപോലെ ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതോടൊപ്പം സൈഡ് ബാങ്ക് പ്രൊട്ടക്ഷനും ഇതിന്റെ ഭാഗമായി വരണം. പലപ്പോഴും എഞ്ചിനീയർമാർ എസ്റ്റിമേറ്റെടുക്കുമ്പോൾ ചെക്ക്ഡാമിന്റെ മാത്രമായി വരികയും പിന്നീട് അഡീഷണലായി സാങ്ഷൻ ചെയ്യുകയും ചെയ്യേണ്ട സ്ഥിതിയാണ്. അതിന് വ്യക്തമായ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ചെക്ക്ഡാമുകൾ ആവശ്യമുള്ളിടത്ത് ആ റിവർ ബാങ്ക് പ്രൊട്ടക്ഷൻ ആവശ്യമായ പ്രൊവിഷന്റെ അടിസ്ഥാനത്തിൽ ചെയ്തുകഴിഞ്ഞാൽ ഈ പറയുന്ന അപകടം ഒഴിവാക്കാൻ കഴിയും.

ശ്രീ. കെ. ശിവദാസൻ നായർ : സർ, പമ്പാ ആക്ഷൻ പ്ലാനിന്റെ ഭാഗമായി പമ്പാ നദിയുടെ ഉത്ഭവസ്ഥാനത്ത് ചെക്ക്ഡാമുകൾ പണിയുന്നുണ്ടായിരുന്നു. എന്നാൽ അതിന്റെ താഴോട്ട് ചെക്ക്ഡാമുകൾ പണിയുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ പമ്പാനദിയിൽ എവിടെയെല്ലാമാണ് ചെക്ക് ഡാമുകൾ പണിയാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ : സർ, പമ്പാ ആക്ഷൻ പ്ലാനിലുൾപ്പെടുത്തി രണ്ട് ചെക്ക്ഡാമുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. രണ്ടിന്റേയും നിർമ്മാണം പൂർത്തീകരിച്ചു. പമ്പാ ആക്ഷൻ പ്ലാനിന്റെ സെക്കന്റ് ഫേസിനെ സംബന്ധിച്ചാണ് അദ്ദേഹം സൂചിപ്പിച്ചിട്ടുള്ളത്. കേരളത്തിലെ നദികളുടെ ഒരു പൊതുവായ പ്രശ്നം, നമ്മുടെ ഹൈഡ്രോളജിക്കലും ജിയോഗ്രാഫിക്കലുമായിട്ടുള്ള കണ്ടീഷൻസ് വച്ചുകൊണ്ട് ചെക്ക് ഡാമുകളുടെ സാധ്യത വളരെ പരിമിതമാണ്. കിഴുക്കാംതൂക്കായി കിടക്കുന്ന എവിടേറ്റഡ് ഏരിയായിലാണ് പലപ്പോഴും ചെക്ക്ഡാമുകൾ നിർമ്മിക്കാൻ കഴിയുന്നത്. നമ്മുടേത് സമനില പ്രദേശമായതുകൊണ്ട് ചെക്ക്ഡാമിന്റെ ടെക്നിക്കൽ ഫീസിബിലിറ്റി അപൂർവ്വമാണ്. പമ്പാ ആക്ഷൻ പ്ലാനിന്റെ സെക്കന്റ് ഫേസിലും ചെക്ക്ഡാമുകൾ വളരെ അപൂർവ്വമാണെന്നാണ് എന്റെ വിശ്വാസം. കൂടുതലും ട്രീറ്റ്മെന്റ് പ്ലാന്റും മറ്റ് അനുബന്ധ സൗകര്യങ്ങളുമാണ് അതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ശ്രീ. കെ. ബാബു : സർ, എറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശം കേരളമാണ്. അതുപോലെതന്നെ കേരളത്തിൽ 44 നദികളുണ്ട്. അതിൽ 41 നദികൾ പടിഞ്ഞാറോട്ടും 3 നദികൾ കിഴക്കോട്ടുമാണ് ഒഴുകുന്നത്. എന്നാൽ ഇത്രയേറെ മഴ ലഭിക്കുകയും നദികളുണ്ടാകുകയും ചെയ്തിട്ടും മഴമാറിയാൽ ഉടൻതന്നെ കേരളത്തിലെ പുഴയുടെ തീരങ്ങളിൽപോലും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. ഇത് പ്രത്യേകം വിവരിച്ചു പറയേണ്ടതാണ്. എറണാകുളം ജില്ലയിലെ 10 നിയോജകമണ്ഡലങ്ങളിലെ കുടിവെള്ള സ്രോതസ് എന്നുപറഞ്ഞാൽ പെരിയാറാണ്. പെരിയാറിൽ വേനൽക്കാലത്ത് സലൈനിറ്റി വളരെ കൂടുന്നതുകൊണ്ട്, ഓരുവെള്ളം കയറുന്നതുകൊണ്ട് പല പ്പോഴും പമ്പിംഗ് തന്നെ മുടങ്ങാറുണ്ട്. ഇത് തടയുന്നതിനും കുടിവെള്ളം

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമാക്കുന്നതിനുവേണ്ടി പമ്പിംഗ് സുഗമമായി നടത്തുന്നതിനും ആവശ്യമായ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ : സർ, കേരളത്തിലെ നദീജല സ്രോതസ്സുകൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് ശ്രീ. കെ. ബാബു ഇവിടെ സൂചിപ്പിച്ചത്. സലൈനിറ്റി ഇൻട്രൂഷൻ ഓരോ വർഷം കഴിയുന്തോറും ഗണ്യമായി കൂടുകയാണ്. കാരണം നദീജല സ്രോതസ്സിലെ ഒഴുക്കിന്റെ ഗതി കുറയുന്നതിനനുസരിച്ച് സലൈനിറ്റി ഇൻട്രൂഷൻ കൂടുകയും അത് കൃഷിയേയും കുടിവെള്ളത്തേയും സാരമായി ബാധിക്കുകയും ചെയ്യുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള മാർഗ്ഗം നമ്മുടെ ഔട്ട് ഫ്ലോ ഗണ്യമായി വർദ്ധിപ്പിക്കുക എന്നുള്ളതാണ്. മഴ കുറവാകുന്ന കാലഘട്ടത്തിലാണ് സലൈനിറ്റി ഇൻട്രൂഷൻ കൂടാറുള്ളത്. ആകെ ചെയ്യാൻ കഴിയുന്നത് ഇതിനകത്ത് ബാരേജസ് നിർമ്മിക്കുക എന്നുള്ളതാണ്. അല്ലെങ്കിൽ തടയണകൾ നിർമ്മിച്ചുകൊണ്ട് ഇതിനെ പ്രിവന്റ് ചെയ്യുക എന്നുള്ളതാണ്. ഏതാണ്ട് 18 കോടി രൂപയോളം ചെലവഴിച്ച് നിർമ്മിക്കുന്ന പെരിയാർ നദിയിലെ പാതാളം റഗുലേറ്റർ -കം-ബ്രിഡ്ജ് ഗവൺമെന്റിന്റെ പരിഗണനയിലാണ്.

ശ്രീ. സി. പി. മുഹമ്മദ് : സർ, ഭാരതപ്പുഴയിലെ തടയണയെക്കുറിച്ച് മാത്രമല്ല, ഭാരതപ്പുഴയെക്കുറിച്ചും എനിക്ക് ചോദിക്കാനുണ്ട്. സാഹിത്യത്തിന്റെയും സംഗീതത്തിന്റെയും പിറയിലെറ്റ പന്തിരുകുലത്തിന്റെ ഐതീഹ്യ പെരുമയും ആയുർവേദ മഹത്വവും സമഞ്ജസമായി സമ്മേളിച്ച ഒരു പ്രദേശമാണ് ഭാരതപ്പുഴയുടെ തടം. ബഹുമാനപ്പെട്ട സ്പീക്കറുടെ മണ്ഡലമായ ചേലക്കരയിലെ തിരുവിലാമലയിൽ 3 ജില്ലകളിൽ നിന്ന് എത്തുന്ന ആയിരക്കണക്കിന് ആളുകൾക്ക് ശേഷക്രിയ ചെയ്യാൻ ചോലും വെള്ളമില്ല. ഭാരതപ്പുഴയിലെ പെങ്ങണാകുന്ന് അടക്കമുള്ള തടയണകളുടെ കാര്യങ്ങൾക്ക് വഴിവാടുചോലെ എല്ലാ കൊല്ലവും ഞാൻ ഇവിടെ സബ്മിഷൻ അവതരിപ്പിക്കാറുണ്ട്. മന്ത്രി പറയും, പരിഗണിക്കുമെന്ന്. ഈ കാര്യം പരിഗണിക്കുന്നതിന് ഇനിയും എത്ര സമയം വേണമെന്ന് അങ്ങ് വ്യക്തമാക്കുമോ ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ : സർ, ശ്രീ. സി. പി. മുഹമ്മദ് സൂചിപ്പിച്ച വിഷയത്തെ സംബന്ധിച്ച് പ്രത്യേകമായി പരിശോധിക്കാം. എനിക്ക് തോന്നുന്നു മറ്റാർ ഇറിഗേഷൻ പാക്കേജിൽ ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നാണ്. അത് പ്രത്യേകമായി പരിശോധിക്കാം. ഭാരതപ്പുഴയിലാണ് ഏറ്റവും കൂടുതൽ ചെക്ക്ഡാമുകൾ കാണുന്നത്. ജലസംരക്ഷണത്തിന്റെ ഭാഗമായി റിവർ മാനേജുമെന്റ് ഫണ്ട് ഉപയോഗിച്ചും അല്ലാതെ പാലക്കാട് കാർഷിക പാക്കേജ് ഉപയോഗിച്ചുമൊക്കെ ചെക്ക്ഡാമുകൾ നിർമ്മിക്കപ്പെട്ടിട്ടുള്ളത് ഭാരതപ്പുഴയിലാണ്. ഈ പ്രശ്നം പ്രത്യേകമായി പരിശോധിക്കാം.

ശ്രീ. ജോർജ് മേഴ്സിയർ : സർ, ശുദ്ധജല സംരേണവുമായി ബന്ധപ്പെട്ട ചോദ്യമാണ് എനിക്ക് ചോദിക്കാനുള്ളത്. എന്റെ നിയോജകമണ്ഡലത്തിലെ കാഞ്ഞിരംകുളം പഞ്ചായത്തിലെ ശുദ്ധജല വിതരണം പൂർണ്ണമായും

നടത്തുന്നത് തൊട്ടടുത്ത പഞ്ചായത്തിലെ കുമളി എന്ന സ്ഥലത്തുള്ള ഉറവകളിൽ നിന്നാണ്. പ്രകൃതിയുടെ മനോഹരമായ ഒരു അനുഗ്രഹമാണ് കുമളിയിൽ കാണാൻ കഴിയുന്നത്. ഈ പ്രദേശം സ്വകാര്യ വ്യക്തികളുടേതാണ്. ആ ഭൂമിയിൽ ഏതെങ്കിലും നിർമ്മാണ പ്രവർത്തികൾ നടത്തിയാൽ ഈ ഒരു പഞ്ചായത്തിലെ ഏകദേശം 30000-ത്തോളം ആളുകൾക്ക് നൽകുന്ന ശുദ്ധ ജലത്തിന്റെ ഉറവ പൂർണ്ണമായും നിലച്ചുപോകുന്ന ഒരു സാഹചര്യമാണുള്ളത്. ഒന്നര ഏക്കറോളം വരുന്ന ആ സ്ഥലം അക്വയർ ചെയ്യുന്നതിനുവേണ്ടിയുള്ള അടിയന്തരമായ നടപടികൾ സ്വീകരിക്കുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ : സർ, ഇത് നേരത്തേ സഭയിൽ ഉന്നയിച്ച ഒരു പ്രശ്നമാണ്. ഇതിന്റെ റിപ്പോർട്ട് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. അത് പരിശോധിച്ച് ഈ കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാം. കാരണം സ്വകാര്യ ഭൂമിയുടെ അക്വിസിഷനുമായി ബന്ധപ്പെട്ട പ്രശ്നമാണ്. ഈ കാര്യത്തിൽ ഒരു പബ്ലിക് പർപ്പസും പബ്ലിക് പ്രോജക്ടും ഉണ്ടെങ്കിൽ അക്വിസിഷൻ നടപടികളടക്കമുള്ള കാര്യത്തെ സംബന്ധിച്ച് ആലോചിക്കാം.

ശ്രീ. എ. സി. മൊയ്തീൻ : സർ, മലബാർ ഇറിഗേഷൻ പ്രാക്കേജിന്റെ ഭാഗമായി ഭാരതപ്പുഴയിലെ തടയണകളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണത്തിനുവേണ്ടി അങ്ങ് പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ? പെരുതുരുത്തിയിൽ ഒരു തടയണയുടെ നിർമ്മാണം തുടങ്ങിയിട്ട് 3 വർഷക്കാലമായി. അതിൽ കാലതാമസം വരികയാണ്. ഇത് സമയബന്ധിതമായി പൂർത്തീകരിക്കാനും മലബാർ പ്രാക്കേജിന്റെ ഭാഗമായിട്ടുള്ള വാട്ടർ അതോറിറ്റിയുടെ കൊണ്ടയൂർ പൈങ്കുളം തുടങ്ങിയ പദ്ധതികൾ സമയബന്ധിതമായി തുടങ്ങാനും നടപടി സ്വീകരിക്കുമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ : സർ, പെരുതുരുത്തി തടയണ ബഹുമാനപ്പെട്ട സ്പീക്കറുടെ നിയോജകമണ്ഡലത്തിലുള്ളതാണ്. ആ കാര്യത്തിൽ ഒരുപാട് സാങ്കേതിക തടസ്സങ്ങൾ നേരിട്ടതിന്റെ ഭാഗമായി പ്രവൃത്തി ആഗ്രഹിച്ചതുപോലെ മുന്നോട്ട് പോകുന്നില്ല. ചെക്ക്ഡാമിന്റെ നിർമ്മാണ പ്രവർത്തനത്തെ സംബന്ധിച്ചുള്ള ഒരു പ്രധാനപ്പെട്ട സാങ്കേതിക തടസ്സം, ഒരൊറ്റ വർക്കിംഗ് സീസണാണ് കിട്ടുന്നത്. ആ വർക്കിംഗ് സീസൺ ഏതെങ്കിലും കാരണവശാൽ ടെണ്ടറിന്റേയൊ മറ്റെതെങ്കിലും തടസ്സത്തിന്റെയോ പേരിൽ നഷ്ടപ്പെട്ടാൽ ഒരു വർഷമാണ് നഷ്ടപ്പെടുന്നത്. പെരുതുരുത്തി തടയണയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുപോലെ മലബാർ ഇറിഗേഷൻ പ്രാക്കേജിൽ ഉൾപ്പെടുത്തി ധാരാളം പുതിയ തടയണകളുടെ നിർമ്മാണം എൻവിസേജ് ചെയ്തിട്ടുണ്ട്. അതിന്റെ എ.എസും ടി.എസും ആയി ടെണ്ടർ പ്രോസസിലേയ്ക്ക് എത്തിച്ചേർന്നിട്ടുണ്ട്. അത് സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, നെല്ലുൽപ്പാദനം ഏറ്റവുമധികം വർദ്ധിപ്പിക്കേണ്ട ഇന്നത്തെ സാഹചര്യത്തിൽ കൃഷി വകുപ്പുമായി ആലോചിച്ച് വളരെ ശാസ്ത്രീയമായ രീതിയിൽ പഠനം നടത്തി ചെക്ക് ഡാം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ : സർ, ഈ കാര്യത്തിൽ കാർഷിക ജലസേചനം എന്നതിനേക്കാൾ ജലസംഭരണവും ജലസംരക്ഷണ പ്രവർത്തനവുമാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. ജലസേചന സൗകര്യമില്ലാത്തതിന്റെ പേരിൽ കൃഷി നടത്താൻ കഴിയാത്ത സ്ഥലങ്ങൾ കേരളത്തിൽ അപൂർവ്വമാണ്. ഇവിടത്തെ പെർസന്റേജ് ഓഫ് ഇറിഗേഷൻ പരിശോധിക്കുമ്പോൾ 23 ശതമാനമേയുള്ളൂവെങ്കിൽപ്പോലും ജലസേചന സൗകര്യമില്ലാത്തതിന്റെ പേരിൽ കൃഷി നടക്കാത്തത് അപൂർവ്വം പ്രദേശങ്ങളിൽ മാത്രമാണ്. കൃഷി വകുപ്പുമായി ആലോചിച്ച് ചെറുകിട ജലസേചന പദ്ധതികൾക്കാവശ്യമായ കാര്യങ്ങൾ ചെയ്യുന്നതാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, എന്റെ മണ്ഡലത്തിലെ കിഴക്കൻ മലയോര പ്രദേശം മലനിരകളാൽ സമൃദ്ധമാണ്. അവിടെ ഒരുപാട് ചെറിയ തോടുകളും അരുവികളുമുണ്ട്. ആര്യങ്കോട് പുഴ വളരെ പ്രധാനപ്പെട്ട പുഴയാണ്. അതിലേയ്ക്ക് ഒഴുകിച്ചേരുന്ന ചെറിയ തോടുകളിലും അരുവികളിലും തടയണകൾ സൃഷ്ടിച്ചാൽ കുടിവെള്ളക്ഷാമം പരിഹരിക്കാനും കൃഷിക്ക് ഉപയുക്തമാക്കാനും സാധിക്കും. ചെക്ക്ഡാമുകളുടെ ഒരു പ്രോജക്ട് തയ്യാറാക്കി തന്നാൽ അത് പണിയുന്നതിനാവശ്യമായിട്ടുള്ള സാമ്പത്തിക സഹായം നൽകുമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ : സർ, ആര്യങ്കോട് പുഴയ്ക്ക് കുറുകെ ഒരു ചെക്ക് ഡാം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നം ഗവൺമെന്റിന്റെ സജീവമായ പരിശോധനയിലാണ്.

ശ്രീ. കെ. അച്ചുതൻ : സർ, പട്ടാമ്പി പുഴയിൽ എം.എൽ.എ. ഫണ്ടിൽ നിന്ന് 25 ലക്ഷം രൂപ കൊടുത്ത് ഒരു ചെക്ക് ഡാം കെട്ടിയപ്പോൾ ഇനി ഒരു കാലത്തും വെള്ളത്തിന് ക്ഷാമം വരാത്ത രീതിയിലായിട്ടുണ്ട്. പക്ഷേ അതിന്റെ മുകളിൽ പരിസരവാസത്തും, കൊക്കക്കോളയെല്ലാം ഉണ്ടായിരുന്ന കാര്യം അങ്ങേയ്ക്കറിയാവുന്നതാണ്. അവിടെ മൂവത്തറയ്ക്കുതാഴെ തത്തമംഗലം പുഴനാവത്തിന് മുകളിലായി രണ്ട് ചെക്ക്ഡാമുകൾ അനുവദിക്കുകയാണെങ്കിൽ തീർച്ചയായും ഇന്നും പോറിയിൽ കുടിവെള്ളം എത്തിക്കുന്ന അവസ്ഥ നമുക്ക് ഒഴിവാക്കാൻ കഴിയും. അത് പരിഗണിക്കുമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ : സർ, ആ രണ്ട് നിർദ്ദേശങ്ങളും ഗവൺമെന്റ് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അൽഫോൺസ് കണ്ണന്താനം : സർ, എനിക്ക് തോന്നുന്നു മണിമല ചെക്ക്ഡാം, കേരളത്തിലെ ഏറ്റവും വലിയ ചെക്ക് ഡാമായിരിക്കുമെന്നാണ്. അങ്ങയുടെ ഉദ്യോഗസ്ഥന്മാർ വളരെ എഫിഷ്യന്റാണ്. അങ്ങയുടെ ചീഫ് എൻജിനീയറുടെ ഓഫീസിൽ ഡിലേ വരുന്നുണ്ടോ എന്ന് സംശയമാണ്. എന്റെ മണ്ഡലത്തിൽ നാല് കോടി രൂപയുടെ നാല് വലിയ ചെക്ക് ഡാമുകൾ അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം സപ്ലിമെന്ററിയായി അനുവദിച്ചതാണ്. പക്ഷേ അതിന്റെ ടെണ്ടർ ഇതുവരെ വിളിച്ചിട്ടില്ല. ചീഫ് എൻജിനീയർമാരുടെ ഓഫീസിൽനിന്നുള്ള കാലതാമസം മാറ്റി അപ്രൂവൽ കിട്ടുന്ന പ്രോജക്ടുകളൊക്കെ പെട്ടെന്ന് ടെണ്ടർ ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ : സർ, ചീഫ് എൻജിനീയറുടെ ഓഫീസിലെ കാലതാമസം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. 4 ചെക്ക് ഡാമുകളാണ് മണിമലയാറിൽ ഇപ്പോൾ ഗവൺമെന്റ് പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ടെണ്ടർ പ്രോസസ് expedite ചെയ്യുന്നതാണ്.

ശ്രീ. കെ. വി. മോഹനൻ : സർ, അങ്ങ് സൂചിപ്പിച്ചതുപോലെ ശുദ്ധജലത്തിനും അതുപോലെതന്നെ കൃഷി ആവശ്യത്തിനുമായി മുന്പ് നിർമ്മിച്ച തടയണകൾക്ക് ചുറ്റും സൈഡ് പ്രൊട്ടക്ഷൻ ഇല്ല. അതിന് പുതുതായി സൈഡ് പ്രൊട്ടക്ഷൻ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ : സർ, ചെക്ക് ഡാമിനോട് അനുബന്ധിച്ച് സൈഡ് പ്രൊട്ടക്ഷനില്ലാത്ത സ്ഥലങ്ങൾ എന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അതിന് പ്രത്യേക എൽ.എസ്. ഫണ്ടുപയോഗിച്ച് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എം. എം. മോനായി : സർ, എന്റെ മണ്ഡലമായ കടന്പ്രയാറിലെ ശുദ്ധജല സ്രോതസ്സിൽ ഒരു റഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ : സർ, കടന്പ്രയാറിൽ ആർ.സി.ബി.യുടെ നിർമ്മാണത്തെ സംബന്ധിച്ചുള്ള ആലോചനകൾ നടക്കുകയാണ്. വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. അടൂർ പ്രകാശ് : സർ, വേനൽക്കാലമാകുന്പോൾ താത്ക്കാലികമായി ചാക്കിൽ മണൽ നിറച്ച് ചെക്ക് ഡാമുകൾ നിർമ്മിക്കാറുണ്ട്. അത് മാറ്റിയെടുത്തുകൊണ്ട് ഒരു സ്ഥിരം സംവിധാനമുണ്ടാക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ : സർ, പരമാവധി താൽക്കാലിക തടയണകൾ പെർമനെന്റ് തടയണകളാക്കി മാറ്റുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.

ശ്രീ. പി. വിശ്വൻ : സർ, വെള്ളത്തിനുവേണ്ടിയുള്ള യുദ്ധം ആരംഭിച്ചിരിക്കുകയാണ്. മൂന്നാറിൽ ടാറ്റ നിർമ്മിച്ച ചെക്ക്ഡാം അനധികൃതമാണ്. അത് പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ : സർ, മൂന്നാറിൽ ടാറ്റ നിർമ്മിച്ച ചെക്ക്ഡാമുകൾ പൊളിച്ച് മാറ്റുന്നതിനാവശ്യമായിട്ടുള്ള നിർദ്ദേശം ഗവൺമെന്റ് നൽകിയിട്ടുണ്ട്. നിർഭാഗ്യവശാൽ അത് ഹൈക്കോടതിയുടെ പരിഗണനയിലാണ്. കഴിഞ്ഞ ആഴ്ചയിലും കേസുണ്ടായിരുന്നു. അത് postpone ചെയ്തുകൊണ്ടിരിക്കുകയാണ്. അത് കോടതി വിധിക്ക് വിധേയമായി ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### i നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**അന്തർദേശീയ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം**

5*(665) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) യുവജനക്ഷേമ ബോർഡ് ആവിഷ്ക്കരിച്ചിട്ടുള്ള അന്തർദേശീയ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാമിന്റെ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത പദ്ധതി അനുസരിച്ച് കേരളത്തിൽ നിന്നും യുവാക്കൾ ഏതെല്ലാം രാജ്യങ്ങളിൽ സന്ദർശനം നടത്തിയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിനായി യുവാക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(ഡി) ഈ പദ്ധതി അനുസരിച്ച് വിദേശങ്ങളിൽനിന്നുള്ള എത്ര യുവാക്കൾ കേരളം സന്ദർശിച്ചിട്ടുണ്ട് ;

(ഇ) ഇത്തരം പ്രോഗ്രാം മറ്റ് സംസ്ഥാനങ്ങളിൽ നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly